**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178** | **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ നൽകി വരുന്ന മണ്ണെണ്ണ ലിറ്ററിന് ഇരുപത്തിയഞ്ചു രൂപ നിരക്കിൽ ലഭ്യമാക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതു വിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത് . പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട് . സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തു വരുന്നു . അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി .ബി .റ്റി മുഖേന) നൽകി വരുന്നുണ്ട് .<br><br>10 എച്ച് .പി വരെ - 140 ലിറ്റർ<br><br>10 എച്ച് .പി മുതൽ 15 എച്ച് .പി വരെ -150 ലിറ്റർ<br><br>15 എച്ച് .പി ക്ക് മുകളിൽ - 190 ലിറ്റർ<br><br>2023-24 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു 45 കോടി രൂപ വകയിരിത്തിയിരുന്നു. ആയതിൽ നിന്നും നാളിതുവരെ സബ്സിഡി തുകയായി 6,36,59,225/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്ത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത് . എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ; | (ബി) | മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് . എന്നാൽ പൊതു വിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട് . ഈ ആവശ്യത്തിലേക്കായി നോൺ പ്ലാനായി 2023-24 ബഡ്ജറ്റിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട് . മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ പി .ഡി .എസ് ) ആയി അനുവദിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം 7160 കിലോ ലിറ്റർ സബ്സിഡി രഹിത (നോൺ പി .ഡി .എസ്) മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത് . നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1296 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് മത്സ്യബന്ധന മേഖലക്ക് അനുവദിച്ചത് . ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു . |
| (സി) | മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ബോട്ടുകളിൽ മണ്ണെണ്ണയ്ക്ക് പകരമായി മറ്റ് ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനായുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായം ലഭ്യമാക്കും എന്ന ഉറപ്പ് പാലിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, എൽ.പി.ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴി ലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി കിറ്റുകൾ വിതരണം ചെയ്യുകയും എൽ.ഒ.റ്റി അടിസ്ഥാനത്തിലുള്ള എൽ.പി.ജി കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തു വരുന്നു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023 ന് എൽ.പി.ജി കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു.<br><br>മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് നടപ്പ് സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. ആകെ അടങ്കൽ തുകയുടെ 50% സർക്കാർ വിഹിതവും (500 ലക്ഷം) 50% ഗുണഭോക്തൃ വിഹിതമായും (500 ലക്ഷം) ആണ് പദ്ധതി നടപ്പിലാക്കുന്നത്. ആകെ 1000 എൻജിനുകൾക്കാണ് 50% സബ്സിഡി (പരമാവധി 50,000/- രൂപ) അനുവദിക്കുന്നത്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽപിജി ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ